(ബി) റവന്യൂ ടവറിന്റെ പാർക്കിംഗ് ഗ്രൗണ്ട് നവീകരിച്ച് അവിടെ പാർക്കിംഗ് സൗകര്യമൊരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി റവന്യൂ ടവറിന് ചുറ്റുമുള്ള പരിസരം വൃത്തിയാക്കി പാർക്കിംഗ് സൗകര്യം ലഭിക്കുന്നതിനായി site clearing ആയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

**റവന്യൂ ടവറിന്റെ പ്രവർത്തനം**

347(2703) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം ജില്ലാകളക്ടർക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഹരിപ്പാട് റവന്യൂ ടവർ റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നബാർഡ് വായ്പയുടെ തിരിച്ചടവ് സംബന്ധിച്ചുള്ള കാര്യങ്ങളിൽ കൃത്യത ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഇരട്ട വീട് കോളനികൾ**

348(2704) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമ പഞ്ചായത്തിൽ ഹൗസിംഗ് ബോർഡ് നൽകിയിട്ടുള്ള ഇരട്ട വീടുകളുടെ കോളനികൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് ഹൗസിംഗ് ബോർഡ് സ്വീകരിച്ചുവരുന്നത്?

എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റാനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്നതിനുമായി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6.16 കോടി രൂപ വിവിധ ജില്ലകളിലായി 154 വീടുകളുടെ നിർമ്മാണത്തിനായി 4 ലക്ഷം രൂപ 4 ഗഡുക്കളായി അനുവദിക്കുവാനുള്ള പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ പട്ടികയിൽ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ 19 വീടുകൾക്കായി അനുമതി നൽകിയിരുന്നു.

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അപേക്ഷകൾ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly